(സി) പൊതുവിതരണത്തിനായുള്ള അരി ഫുഡ് കോർപ്പറേഷനിൽനിന്നും എടുക്കുന്നതിനുമുമ്പ് സിവിൽ സപ്ലൈസ് വകുപ്പിലേയും ഫുഡ് കോർപ്പറേഷനിലേയും ഉദ്യോഗസ്ഥന്മാർ സംയുക്തമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ഭക്ഷ്യ വകുപ്പിലേയും എഫ്. സി. ഐ.-യിലേയും ഉദ്യോഗസ്ഥന്മാരുടെ ഉന്നതതല യോഗം ചേർന്ന് എഫ്. സി. ഐ. - യിൽനിന്നും വിതരണം നടത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ അവലോകനം ചെയ്ത് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ഡി) നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ജില്ലാ കൃഷിത്തോട്ടങ്ങളുടെ നവീകരണം

* 26 [599] ശ്രീ. കെ. കെ. ഷാജു:

,, എ. എൻ. രാജൻബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ജില്ലാ കൃഷിത്തോട്ടങ്ങളുടെ നവീകരണത്തിന് എന്തെങ്കിലും പുതിയ പദ്ധതി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ജില്ലാ കൃഷിഫാമുകളിലൂടെ മുന്തിയ ഇനം ഫലവൃക്ഷതൈകളും പച്ചക്കറി വിത്തുകളും വിതരണം ചെയ്യുന്നതിന് കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ആവശ്യത്തിന് ജോലിക്കാരില്ലാത്ത ജില്ലാ കൃഷിത്തോട്ടങ്ങളിൽ ആവശ്യാനുസരണം ജോലിക്കാരെ നിയമിച്ച് കൃഷിത്തോട്ടങ്ങളെ പൂർണ്ണമായും ഉപയോഗപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പ് മന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ, ബി) ജില്ലാ ഫാമുകളുടെ നവീകരണത്തിനായി ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (കൃഷി) ചെയർമാനായുള്ള ഒരു കമ്മിറ്റിയുടെ മേൽനോട്ടത്തിൽ 5 വർഷംകൊണ്ട് ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ഒരു പേർസ്പെക്റ്റീവ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയുടേയും പദ്ധതികളുടെ മുൻഗണനയുടേയും അടിസ്ഥാനത്തിൽ ഇവ നടപ്പിലാക്കുന്നതാണ്.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly